(4) തിരുവനന്തപുരത്തുനിന്നും ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന സർവ്വീസുകൾ റദ്ദ് ചെയ്യുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. തമ്പാനൂർ രവി: സർ, തിരുവനന്തപുരം വിമാനത്താവളത്തോട് കഴിഞ്ഞ കുറേ കാലങ്ങളായി എയർ ഇൻഡ്യ കാണിക്കുന്ന അവഗണന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനാണ് എന്റെ

10.00 a.m.] സബ്മിഷൻ. കേരളത്തിലെ ആദ്യത്തെ ഇന്റർനാഷണൽ എയർപോർട്ടാണ് തിരുവനന്തപുരം എയർപോർട്ട്. തിരുവനന്തപുരം എയർപോർട്ടിന്റെ ഭാഗമായിട്ട് തമിഴ്നാടിന്റെ തെക്കൻ ജില്ലകളിലെ ആളുകൾക്ക് കൂടി യാത്രക്ക് സൗകര്യം ഏർപ്പെടുത്താൻ വേണ്ടിയാണ് ഈ വിമാനത്താവളം പ്രവർത്തിക്കുന്നത്. എയർ ഇൻഡ്യാ ഗൾഫ് സർവ്വീസ് നിരന്തരം ഇവിടെ റദ്ദ് ചെയ്യുകയാണ്. എയർ ഇൻഡ്യാ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ചെലവ് കുറഞ്ഞ ബഡ്ജറ്റ് എയർ ലൈൻ സർവ്വീസ് ഏപ്രിൽ അവസാനത്തോടെ ആരംഭിക്കുമെന്നാണ് പറഞ്ഞത്. ഈ എയർപ്പോർട്ടിനോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. മൂന്ന് സർവ്വീസ് മാത്രം ഇവിടെനിന്നും ആരംഭിക്കും എന്നാണ് മനസ്സിലാകുന്നത്. ഇന്നത്തെ കേരള കൗമുദിയുടെ ഫ്രണ്ട് പേജിൽ കിടക്കുന്നത് ബഡ്ജറ്റ് വിമാന സർവ്വീസ് കേരളത്തെ തഴഞ്ഞു എന്നാണ്. ഇതുപോലെ തന്നെ കോഴിക്കോട് നിന്ന് പന്ത്രണ്ട് സർവ്വീസ്. സന്തോഷമേയുള്ളൂ. ഏഴെണ്ണം ദുബായ്ക്ക്, അഞ്ചെണ്ണം മസ്ക്കറ്റിലേക്ക്. കൊച്ചിക്ക് 11—ഏഴെണ്ണം ദുബായ്ക്ക്, നാലെണ്ണം മസ്ക്കറ്റിലേക്ക്. തിരുവനന്തപുരത്തിന് മൂന്ന് സർവ്വീസ് മാത്രമേയുള്ളൂ. ദുബായ്ക്ക് ഒരു സർവ്വീസും ഇല്ല. കഴിഞ്ഞ ആറ് മാസം മുൻപ് തിരുവനന്തപുരത്തുനിന്നും ആഴ്ചയ്ക്ക് 24 സർവ്വീസ് ഉണ്ടായിരുന്നു. ഇപ്പോൾ അത് 18 ആയി. മേയ് ഒന്നിന് പ്രഖ്യാപിക്കുന്ന പുതിയ ഷെഡ്യൂൾ അനുസരിച്ച് ഇവിടെനിന്നും 12 സർവ്വീസ് മാത്രമേ ഉണ്ടാകൂ. ഒറ്റയടിക്ക് 24 എന്നത് 12 ആയി കുറയുന്നു. ആറ് മാസത്തിനുമുൻപ് തിരുവനന്തപുരത്തുനിന്ന് ബോംബെയ്ക്ക് 7 സർവ്വീസ് ഉണ്ടായിരുന്നു. ഇപ്പോൾ രണ്ട് സർവ്വീസ് മാത്രം. അമേരിക്ക, സിങ്കപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസ് ഉള്ളത് ബോംബെയിൽനിന്നാണ്. തിരുവനന്തപുരത്തുള്ള യാത്രക്കാർക്ക് ബോംബെ വഴിയേ മറ്റു രാജ്യങ്ങളിലേക്ക് പോകാൻ കഴിയൂ. ഏതോ ഒരു ലോബി വളരെ ബോധപൂർവ്വം തിരുവനന്തപുരം എയർപ്പോർട്ടിന്റെ പ്രാധാന്യം കുറയ്ക്കാൻ ശ്രമിക്കുന്നു. മുഖ്യമന്ത്രി മുൻകൈയെടുത്ത് ഇക്കാര്യം പരിശോധിച്ച് തിരുവനന്തപുരം വിമാനത്താവളത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട്, തലസ്ഥാനനഗരം എന്നുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട്, നടപടി സ്വീകരിക്കണം. കൂടുതൽ സർവ്വീസ് ഉണ്ടാകാൻ, കൂടുതൽ ബഡ്ജറ്റ് എയർലൈൻസ് ഉണ്ടാകാനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തിരുവനന്തപുരത്തുനിന്ന് ഗൾഫിലേക്ക് 21 ഫ്ളൈറ്റുകളുണ്ട്. എയർ ഇൻഡ്യ എക്സ്പ്രസ്സ് വരുമ്പോൾ 21 എണ്ണം എന്നുള്ളത് 22 ആയി മാറുമെന്നാണ് എയർ ഇൻഡ്യ അറിയിച്ചിട്ടുള്ളത്. എയർ ഇൻഡ്യയുടെ സി.എം.ഡി.യുമായിട്ട് ഞാൻ നേരിട്ട് സംസാരിച്ചപ്പോൾ സമ്മതിച്ചിരുന്നതിനേക്കാൾ വ്യത്യസ്തമായ തീരുമാനമാണ് ഇപ്പോൾ പത്രത്തിൽ കാണുന്നത്. എയർ ഇൻഡ്യാ എക്സ്പ്രസ് എത്രയും വേഗം വരാനും ഏറ്റവും കൂടുതൽ പ്രയോജനം സ്റ്റേറ്റുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണമെന്നും പറഞ്ഞ അവസരത്തിൽ മൂന്ന് എയർക്രാഫ്റ്റുകളിൽ ഒന്ന് കോഴിക്കോടും ഒന്ന് കൊച്ചിയിലും ഒന്ന് തിരുവനന്തപുരത്തുമായിട്ട് സ്റ്റേഷൻ ചെയ്തുകൊണ്ട് പൂർണ്ണമായിട്ട് സർവ്വീസ് നടക്കുമെന്നുള്ള അഭിപ്രായമായിരുന്നു ഉണ്ടായിരുന്നത്. അതിൽനിന്ന് വ്യത്യസ്തമായിട്ടാണ് ഇപ്പോൾ പത്രത്തിൽ കാണുന്നത്. ഏതായാലും ഗവൺമെന്റ് ഇതിന്റെ പ്രാധാന്യം ഒട്ടും കുറച്ചുകാണാൻ ആഗ്രഹിക്കുന്നില്ല. എയർ ഇൻഡ്യയുമായിട്ട് ഈ പ്രശ്നം ടേക്കപ്പ് ചെയ്യുന്നതാണ്. നേരത്തെ പറഞ്ഞതുപോലുള്ള തീരുമാനം അല്ലെങ്കിൽ ഇനിയിപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ സർവ്വീസുകൾ വിവിധ കേന്ദ്രങ്ങളിലേക്ക് സർവ്വീസ് നടത്തണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുന്നതാണ്.

(5) ഉടുമ്പൻചോല സേനാപതി പഞ്ചായത്തിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന് ഭൂമി വിട്ടുകിട്ടുന്നതു സംബന്ധിച്ച്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ശാന്തൻപാറ, സേനാപതി, രാജകുമാരി, രാജാക്കാട് പ്രദേശങ്ങൾ ഏറ്റവും കൂടുതൽ വൈദ്യുതി ക്ഷാമവും വോൾട്ടേജ് ക്ഷാമവും അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഇതിന് പരിഹാരം കാണുന്നതിന് സേനാപതിയിൽ കെ.എസ്.ഇ.ബി.-യുടെ 33 കെ. വി. സബ്സ്റ്റേഷന് അനുമതി ലഭിച്ചിരുന്നു. അതിന് ആവശ്യമായ ഭൂമി റവന്യൂ വകുപ്പിൽനിന്നും വിട്ടുകൊടുക്കുന്നതിന് ഇടുക്കി ജില്ലാകളക്ടർ വഴി നമ്പർ സി(9) 26-55/2001 ആയി ഫയൽ നമ്പർ 16-10-2004-ൽ അയച്ചതാണ്. അടിയന്തിരമായി ഭൂമി അനുവദിച്ച് സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. സേനാപതിയിൽ 33 കെ. വി. സബ്സ്റ്റേഷൻ തുടങ്ങാനുള്ള തീരുമാനം ബോർഡ് എടുത്തിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരേക്കർ സ്ഥലം വിട്ട് തരാൻ കെ.എസ്.ഇ.ബി. അപേക്ഷിച്ചിരുന്നു. കളക്ടർ അത് കമ്മീഷണറേറ്റിലേക്ക് അയച്ചിരിക്കുകയാണ്. അത് ഫോളോ അപ് ചെയ്യുന്നുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ ഉടനെ തന്നെ താമസിയാതെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും. ബഹുമാനപ്പെട്ട മെമ്പറുമായിട്ട് ആലോചിച്ച് അതിന് ഒരു തറക്കല്ല് ഇടൽ കർമ്മവും നടത്തും.

(6) ആളിയാറിൽനിന്നും അർഹതപ്പെട്ട ജലം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എ. ചന്ദ്രൻ: അന്തർ സംസ്ഥാന നദീജല കരാറനുസരിച്ച് ആളിയാർ ഡാമിൽനിന്ന് വിട്ടുകിട്ടേണ്ട വെള്ളം ലഭിക്കുന്നില്ല. ഇത് കരാർ ലംഘനമാണ്. കേരളത്തിന് ലഭിക്കേണ്ട വെള്ളം ലഭ്യമാക്കണമെന്നുള്ള അടിയന്തിരാവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഇന്റർ സ്റ്റേറ്റ് നദീജല എഗ്രിമെന്റനുസരിച്ച് കേരളത്തിന് ഒരു ജല വർഷത്തിൽ 7.25 ടി.എം.സി. വെള്ളം ലഭിക്കേണ്ടതായിട്ടുണ്ട്. ഈ വർഷം 5.1 ടി.എം.സി. വെള്ളം മാത്രമേ ലഭിച്ചിട്ടുള്ളൂ. ഈ വർഷത്തെ ബാക്കി 2.15 ടി.എം.സി. ജലം ലഭിക്കാനുണ്ട്. ഈ വർഷം വെള്ളം എത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly